## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 582** 10.7.2012-ന് മറുപടിക്ക്

**ജെ.എൻ.എൻ.യു. ആർ.എം പ്രകാരം ലഭിച്ച സഹായങ്ങൾ**

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ
,, വി.എം. ഉമ്മർ മാസ്റ്റർ
'' പി.ബി. അബ്ദുൾ റസാക്
'' സി. മോയിൻകുട്ടി

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

എ) ജെ.എൻ.എൻ. യു.ആർ. എം പദ്ധതി പ്രകാരം സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള സഹായങ്ങൾ വിശദമാക്കുമോ;

എ) ജെ.എൻ.എൻ.യൂ.ആർ.എം. പദ്ധതിയുടെ കീഴിൽ കുടുംബശ്രീ വഴി 47 നഗരസഭകളിലായി സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി)യും തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ബേസിക് സർവ്വീസ് ടു അർബൻ പുവർ (ബി.എസ്.യു.പി) എന്ന പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാനത്തിലെ നഗര പ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനമാണ് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം. രണ്ടു പദ്ധതികളും ചേർത്ത് ആകെ അടങ്കൽ തുക 616.99 കോടി രൂപയാണ്. അതിൽ 435.16 കോടി രൂപ കേന്ദ്ര വിഹിതവും 72.8 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. 255.98 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമായി സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടുണ്ട്.

കെ.എസ്.യു.ഡിപി-ക്കു ലഭിച്ച സഹായങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച ലോഫ്ളോർ വാഹനങ്ങൾ ഏതൊക്കെ നഗരങ്ങളിലാണ് ഉപയോഗപ്പെടുത്തുന്നത്;

ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലാണ് ലോഫ്ളോർ വാഹനങ്ങൾ സർവ്വീസ് നടത്തുന്നത്.

സി) പ്രസ്തുത വാഹനങ്ങൾ സർവ്വീസ് നടത്തുന്നതിന്റെ ലാഭനഷ്ട ക്കണക്കുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സി) പ്രസ്തുത പദ്ധതിയിൽപ്പെട്ട ബസ്സുകൾ സർവീസ് നടത്തുക വഴി കെ.എസ്.ആർ.ടി.സി.ക്ക് പ്രവർത്തന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ നിലവിലുള്ള തേയ്മാന ചെലവുകൾ ഉൾപ്പെടെ രേഖപ്പെടുത്തി വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത ബസുകൾ സർവീസ് നടത്തുന്നതു വഴി കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം ഉണ്ടാകുന്നു. കഴിഞ്ഞ സാമ്പത്തികവർഷം തേയ്മാനചെലവുകൾ ഒഴിവാക്കിയാൽ ജെ.എൻ.എൻ.യു.ആർ.എം സർവീസുകളിൽ നിന്നും 33,05,245/- രൂപ പ്രവർത്തനലാഭം ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

KSUDP - [handwritten Malayalam] . [handwritten Malayalam]

# JNNURM-ACA RELEASE TO STATE AS ON 30-06-2012

| Sl No | Name of the City | Project Title | Approved Cost | ACA RELEASE |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | Trivandrum | Water Supply | 8,716.00 | 4,532.32 |
| 2 | | Sewerage Phase-1 | 21,541.00 | 4,308.20 |
| 3 | | Solid Waste Management | 2,456.00 | 1,277.12 |
| 4 | | Storm water Drainage | 4,039.00 | 807.80 |
| 5 | | Sewerage Phase-2 | 12,115.00 | |
| 6 | | Procurement of Buses | 5,340.00 | 2,136.00 |
| 7 | | E-Governance | 1,347.55 | 269.51 |
| | | City Total | 55,554.55 | 13,330.95 |
| 1 | Kochi | Upgrading Surface water Drainage | 978.00 | 122.25 |
| 2 | | Solid Waste Management | 8,812.00 | 2,863.40 |
| 3 | | Water Supply | 20,117.00 | 6,538.08 |
| 4 | | Sewerage | 7,481.00 | 935.13 |
| 5 | | Traffic and Transportation | 10,964.00 | 1,370.50 |
| 6 | | Procurement of Buses | 7,100.00 | 1,775.00 |
| 7 | | E-Governance | 870.50 | 108.80 |
| 8 | | Brodway and Ernakulam Market Heritage and Urban Renewal Project | 2,210.00 | 276.25 |
| | | City Total | 58,532.50 | 13,989.41 |
| | | GRAND TOTAL | 114,087.05 | 27,320.36 |

[signature]
[handwritten Malayalam]